©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 ഫെബ്രുവരി 23<br>23rd February 2021<br>1196 കുംഭം 11<br>11th Kumbham 1196<br>1942 ഫാൽഗുനം 4<br>4th Phalguna 1942 | നമ്പർ<br>No. | 8 |

## PART III

# Labour Department

NOTICE

No. P. 1028/2020. *28th January 2021.*

Whereas Divisional Manager, United India Insurance Co. Ltd., Divisional Office, Kollam has deposited with this Court a sum of ₹ 12,86,533 (Rupees Twelve Lakhs Eighty Six Thousand Five Hundred and Thirty Three only) as a compensation to be distributed to the dependents of the deceased Sri Ranif, who met with a fatal accident while employed as a driver of an Ambassador Car bearing Registration No. KL. 16 D 9653 and whereas it is reported that (1) Smt. K. S. Rahumath, M/o Ranif, Pulikkal Thundil Veedu, Parakkulam Cherry, Thazhuthala, Umayanalloor P. O., Kollam, (2) Sri Raneesh B/o Ranif, Pulikkal Thundil Veedu, Parakkulam Cherry, Thazhuthala, Umayanalloor P. O., Kollam are his only dependents as defined under Section 2 (1) (d) of the Employees' Compensation Act. Any others who claim to be the dependents of the deceased should within 15 days of the publication of this notice in the Kerala Government Gazette prefer their claim in writing before me and prove the same. If no such claims are received within the prescribed time the entire amount of compensation will be disbursed to the persons mentioned above. Claims preferred thereafter will not be considered.

KL. 16/D 9563 നമ്പർ അംബാസഡർ കാർ ഡ്രൈവർ ആയി ജോലിനോക്കി വരവെ അപകടമുണ്ടായി മരണമടഞ്ഞ ശ്രീ. റനിഫിന്റെ ആശ്രിതർക്ക് എംപ്ലോയീസ് കോമ്പൻസേഷൻ നൽകുന്നതിനായി ₹ 12,86,533 (പന്ത്രണ്ടു ലക്ഷത്തി എൺപത്താറായിരത്തി അഞ്ഞൂറ്റിമുപ്പത്തിമൂന്ന് രൂപമാത്രം) ഈ ആഫീസിൽ കെട്ടിവച്ചിരിക്കുന്നു. അന്വേഷണം നടത്തിയതിൽ, എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് സെക്ഷൻ 2 (1) (ഡി) പ്രകാരം, ടിയാന്റെ ആശ്രിതരായി (1) ശ്രീമതി കെ. എസ്. റഹുമത്ത്, പുളിക്കൽ തുണ്ടിൽ വീട്, പറക്കുളം ചേരി, തഴുത്തല, ഉമയനല്ലൂർ പി. ഒ., കൊല്ലം (മാതാവ്), (2) ശ്രീ. റനീഷ്, പുളിക്കൽ തുണ്ടിൽ വീട്, പറക്കുളം ചേരി, തഴുത്തല, ഉമയനല്ലൂർ പി. ഒ., കൊല്ലം (സഹോദരൻ) എന്നിവർ മാത്രമേ ഉള്ളൂവെന്ന് റിപ്പോർട്ട് ലഭിച്ചിരിക്കുന്നു. ടിയാന്റെ ആശ്രിതർ എന്ന് മേൽ വിവരിച്ച നിർവ്വചനത്തിൽ ഉൾപ്പെടുന്നവരായി വേറെ ആരെങ്കിലും ഉണ്ടെങ്കിൽ ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ 15 ദിവസത്തിനകം ഈ ഓഫീസിൽ രേഖാമൂലം ഹാജരായി തെളിയിക്കേണ്ടതും അവധി കഴിഞ്ഞുള്ള ഹർജികൾ പരിഗണിക്കപ്പെടുന്നതല്ലാത്തതുമാകുന്നു.

Office of the Employees
Compensation Commissioner,
First Floor, Water Authority
Building, Near Civil Station,
Kollam-13.

(Sd.)
*Employees Compensation Commissioner.*

Gaz. No. 8/2021/DTP (Labour).

നോട്ടീസ്

(1)

നമ്പർ ബി 1997/2020. 2021 ജനുവരി 20.
ECC 03/2018.

ശ്രീ. ജോയ്, കുന്നത്ത് ഏനോക്കാരൻ ഹൗസ്, മുളയം റോഡ്, മണ്ണുത്തി പി. ഒ., തൃശ്ശൂർ എന്നയാൾ ജോലിക്കിടയിൽ ഉണ്ടായ അപകടത്തിൽ മരണപ്പെട്ടതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി ടിയാന്റെ ഭാര്യ ശ്രീമതി ലിസ്സി, മക്കളായ ജെൻസി, അജീഷ്, ആൽവിൻ എന്നിവർ ഈ ട്രൈബ്യൂണൽ മുൻപാകെ ECC 03/2018-ാം നമ്പരായി അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാണ്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം നിയമത്തിലെ 2 (1) (ഡി) വകുപ്പ് അനുസരിച്ചുള്ള നിർവചന പ്രകാരം ശ്രീ. ജോയിയുടെ ആശ്രിതരായി (1) ശ്രീമതി തങ്കമ്മ (മാതാവ്), (2) ശ്രീമതി ലിസ്സി (ഭാര്യ), (3) ശ്രീമതി ജെൻസി (മകൾ), (4) അജീഷ് (മകൻ), (5) ആൽവിൻ (മകൻ) എന്നിവർ മാത്രമാണ് ഉണ്ടായിരുന്നതെന്ന് തൃശ്ശൂർ 3-ാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പരേതനായ തൊഴിലാളിയുടെ ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം ഈ കോടതി മുമ്പാകെ എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ മേൽപ്പറഞ്ഞവർ മാത്രമാണ് ശ്രീ. ജോയിയുടെ ആശ്രിതർ എന്നുള്ള നിഗമനത്തിൽ എത്തുന്നതായിരിക്കും. ഫോൺ-0487 2360699.

(2)

നമ്പർ ബി 1929/2020. 2021 ജനുവരി 29.
ECC 17/2018.

ശ്രീ. വിനു വിൽസൺ, S/o വിൽസൺ, പേച്ചേരി ഹൗസ്, കോക്കിരിപ്പിള്ളം, ആറാട്ടുപുഴ, തൃശ്ശൂർ എന്നയാൾ ജോലിക്കിടയിൽ ഉണ്ടായ അപകടത്തിൽ മരണപ്പെട്ടതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി ടിയാന്റെ രക്ഷിതാക്കളായ ശ്രീ. വിൽസൺ, ശ്രീമതി മല്ലിക വിൽസൺ, ഭാര്യ ശ്രീമതി റിയ, മകൻ ആരുഷ് വിനു, മകൾ ആരാധ്യ എന്നിവർ ഈ ട്രൈബ്യൂണൽ മുൻപാകെ ECC 17/2018-ാം നമ്പരായി അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാണ്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം നിയമത്തിലെ 2 (1) (ഡി) വകുപ്പ് അനുസരിച്ചുള്ള നിർവചന പ്രകാരം ശ്രീ. വിനു വിൽസണിന്റെ ആശ്രിതരായി (1) ശ്രീ. വിൽസൺ (പിതാവ്), (2) ശ്രീമതി മല്ലിക വിൽസൺ (മാതാവ്), (3) ശ്രീമതി റിയ (ഭാര്യ), (4) ആരുഷ് വിനു (മകൻ), (5) ആരാധ്യ (മകൾ) എന്നിവർ മാത്രമാണ് ഉണ്ടായിരുന്നതെന്ന് തൃശ്ശൂർ 3-ാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പരേതനായ തൊഴിലാളിയുടെ ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം ഈ കോടതി മുമ്പാകെ എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ മേൽപ്പറഞ്ഞവർ മാത്രമാണ് ശ്രീ. വിനു വിൽസണിന്റെ ആശ്രിതർ എന്നുള്ള നിഗമനത്തിൽ എത്തുന്നതായിരിക്കും.

ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ കാര്യാലയം, തൃശ്ശൂർ, അയ്യന്തോൾ-680 003.

(ഒപ്പ്)
എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ.

---

നോട്ടീസ്

നമ്പർ ഇ1-229/2020. 2021 ജനുവരി 12.

നെല്ലിയാമ്പതി റ്റീ ആന്റ് പ്രൊഡ്യൂസ് കമ്പനി ലിമിറ്റഡ്, മണലാരു എസ്റ്റേറ്റ്, പാടഗിരി, നെല്ലിയാമ്പതി, പാലക്കാട് എന്ന തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്തുവരവെ 16-5-2012-ന് അപകടം സംഭവിച്ച് മരണമടഞ്ഞ ശ്രീ. വില്യംസ് എന്ന തൊഴിലാളിയുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് ₹ 8,44,005 (എട്ട് ലക്ഷത്തി നാൽപ്പത്തിനാലായിരത്തി അഞ്ച് രൂപ മാത്രം) ഈ കോടതി മുമ്പാകെ കെട്ടിവച്ചിട്ടുണ്ട്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാര ആക്ട് 1923-2 (1) (ഡി) വകുപ്പ് അനുസരിച്ച് നിർവ്വചിച്ച പ്രകാരം ടിയാന്റെ മരണസമയത്തെ ആശ്രിതരായി ചുവടെ ചേർത്തിരിക്കുന്നവർ മാത്രമേ ഉള്ളൂവെന്ന് അസിസ്റ്റന്റ് ലേബർ ഓഫീസർ, നെന്മാറ അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

| പേര് | മരണമടഞ്ഞ തൊഴിലാളിയുമായുള്ള ബന്ധം | ജനന തീയതി | മേൽവിലാസം |
|---|---|---|---|
| ശ്രീമതി ദൈവാനി | ഭാര്യ | .. | പോത്തുംപാറ ഡിവിഷൻ, മണലാരു എസ്റ്റേറ്റ്, പാടഗിരി പി. ഒ., നെല്ലിയാമ്പതി. |

ഇപ്രകാരമുള്ള ആശ്രിതരാണെന്ന് അവകാശപ്പെടാവുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം എന്റെ മുമ്പാകെ രേഖാമൂലം എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിശ്ചിത സമയപരിധിക്കകം യാതൊരു വിധത്തിലുള്ള അവകാശവാദങ്ങളും ലഭിച്ചില്ലെങ്കിൽ കെട്ടിവച്ച നഷ്ടപരിഹാരത്തുക മുഴുവനും മേൽപ്പറഞ്ഞ വ്യക്തിക്ക് വിതരണം ചെയ്യുന്നതാണ്. ആയതിനുശേഷം ലഭിക്കുന്ന അവകാശ വാദങ്ങൾ ഒന്നുംതന്നെ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഫോൺ-0491 2556087.

(ഒപ്പ്)
കമ്മീഷണർ,
എംപ്ലോയീസ് കോമ്പൻസേഷൻ.

വ്യാവസായിക ട്രൈബ്യൂണലിന്റെ കാര്യാലയം, പാലക്കാട്.